# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കുമാരപുരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 10-1305/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 07/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമാരപുരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 10-1305/2023 തീയ്യതി: 07/12/2023

# ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-01-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 12-10-2023 | 21-10-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-10-2023 | 21-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ആശ എം.വി., ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലേഖ പി.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഒ.സൂസി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.മണിക്കുട്ടൻ.എം | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വൃന്ദ ടി എസ് | കൃഷി ഓഫീസർ | 01-04-2022 | 14-11-2022 |
| വിജി.കെ.എസ് | കൃഷി ഓഫീസർ | 14-11-2022 | 31-03-2023 |
| ഡോ.ദിവ്യ ആർ തങ്കം | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| അജിത .വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. ശ്രീധർ എം എച്ച് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.സിജി റ്റി.ജി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 18-04-2022 |
| ഡോ.പ്രണിത നെൽസൺ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 18-04-2022 | 15-02-2023 |
| ഡോ.ദീപ എ.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 15-02-2023 | 02-03-2023 |
| ഡോ.സ്മിത എം നായർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 02-03-2023 | 31-03-2023 |
| ഗിരിജ എൻ മാധവ് | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | 01-04-2022 | 31-03-2023 |
| ദീപശ്രീ പി.എസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 31-03-2023 |
| അബ്ദുൾ അഫാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(താമല്ലാക്കൽ) | 01-04-2022 | 31-03-2023 |
| അഖിൽ ദാസ്. പി .എച്ച് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ( കുമാരപുരം) | 01-04-2022 | 31-03-2023 |
| റിഷി .എസ് | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| സിന്ധു ഈശ്വരൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ ലെൻഡ അലക്സ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | ഡിപ്പോസിറ്റ് രജിസ്റ്ററിലെ ചില തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ല - കൃത്യത പരിശോധിയ്ക്കാനായില്ല | 1-1-4 |
| 6 | വസ്തു നികുതി സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകൾ വാർഷിക കണക്കിലുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | എം.ജി.എൻ.ആർ.ഇ.ജി.എസ്. - എം ഐ സ്റ്റേറ്റ്മെന്റിലെ ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | നീക്കിയിരിപ്പ് തുക റീ - കൺസീലിയേഷന് ശേഷവും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic), സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) - എന്നീ ഇനങ്ങളിൽ ACR പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്ക്, സുലേഖ ചെലവ് പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | സ്ഥാപന തൊഴിൽ നികുതി വരവ് വാർഷിക കണക്ക്, രജിസ്റ്റർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ചെക്കിന്റെ കാലാവധിക്കുള്ളിൽ പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-11 |
| 13 | നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ തൻവർഷം ഒടുക്കിയ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം) | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 22 | ഓഡിറ്റ് ഇംപാക്റ്റ്-തൊഴിൽ നികുതിയിനത്തിൽ 15,200/-രൂപ ഈടാക്കി | 1-10 |

| | | |
|---|---|---|
| 23 | ഓഡിറ്റ് ഇംപാക്ട്-മോട്ടർ റണ്ണിഗ് ഫീസ്, ലൈസൻസ് ഫീസ് ഇനത്തിൽ 2,500/-രൂപ ഈടാക്കി | 1-11 |
| 24 | ഓഡിറ്റ് ഇംപാക്റ്റ് - ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - അധികം നല്കിയ 3,000/- രൂപ തിരികെ അടച്ചു | 1-12 |
| 25 | ഓഡിറ്റ് ഇംപാക്ട്-ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികം നല്കിയ തുക തിരികെ ഈടാക്കി | 1-13 |
| 26 | നികുതി -നികുതിയേതര വരുമാനം അവലോകനം | 1-14 |
| 27 | വസ്തു നികുതി നിർണ്ണയത്തിൽ ആവശ്യമായ വർദ്ധനവ് നല്കിയില്ല | 1-15 |
| 28 | ഉപയോഗക്രമം ശരിയായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചില്ല | 1-16 |
| 29 | മരണം റിപ്പോർട്ട് ചെയ്തതിന് ശേഷവും പെൻഷൻ അനുവദിക്കുന്നു | 1-17 |
| 30 | അധിക നിരക്കിൽ റ്റി എ നല്കി | 1-18 |
| 31 | പത്രപ്പരസ്യം -നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവ | 1-19 |
| 32 | പാലിയേറ്റീവ് കെയർ നഴ്സിന് ഇൻസെന്റീവ്- സർക്കാർ ഉത്തരവ് പാലിച്ചില്ല | 1-20 |
| 33 | കെ.എം.എസ്.സി.എൽ. ന് തുക മുൻകൂർ നൽകിയിട്ടും മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 1-21 |
| 34 | എം.സി.എഫ് -ൽ അഗ്നി സുരക്ഷ സംവിധാനം സ്ഥാപിയ്ക്കൽ - പണി പൂർത്തീകരിച്ചില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-22 |
| 35 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായില്ല | 1-23 |
| 36 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-24 |
| 37 | മൃഗാശുപത്രിയ്ക്ക് കെട്ടിടനിർമ്മാണം -മണ്ണ് പരിശോധന, സ്ട്രക്ച്ചറൽ ഡിസൈനിംഗ് - നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ പ്രവൃത്തി നടപ്പാക്കി | 1-25 |
| 38 | അസെറ്റ് മാപ്പിംഗ് (R-Track) പ്രോജക്ട് -പൂർത്തീകരിച്ചില്ല | 1-26 |
| 39 | ടാർ ബാരൽ വിലയും ജി.എസ്.ടി. യും കുറവുചെയ്യുന്നത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു | 1-27 |
| 40 | കൂട്ടംകൈത നന്ദുകാടൻ റോഡ് ടാറിംഗ്-പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല – നടപടിക്രമം പാലിച്ചില്ല | 1-28 |
| 41 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-29 |
| 42 | ലൈഫ് ഭവന പദ്ധതി - പണി ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ | 1-31 |
| 43 | ഐ.കെ.എം. വിഹിതം നൽകൽ | 1-32 |
| 44 | പ്രിന്റിംഗ് ചാർജ്ജ് നൽകിയതിന് ആദായനികുതി ഈടാക്കിയില്ല | 1-33 |
| 45 | വൃദ്ധർക്ക് കട്ടിൽ- പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ | 1-34 |
| 46 | സർക്കാരിന്റെ പ്രത്യേക അനുവാദം കൂടാതെ ഭക്ഷണ വിതരണത്തിനായി പ്രോജക്ട് നടപ്പാക്കി | 1-35 |

| | | |
|---|---|---|
| 47 | ബഡ്സ് റീഹാബിലിറ്റേഷൻ ഫെസിലിറ്റേഷൻ സെന്റർ - പ്രവർത്തനം ആരംഭിച്ചില്ല | 1-36 |
| **ഭാഗം 2** | | |
| 1 | ഉപയോഗ ക്രമത്തിനനുസരിച്ച് നികുതി നിർണ്ണയിച്ചില്ല | 2-1 |
| **ഭാഗം 3** | | |
| 1 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 215(4) പ്രകാരം, കേരള (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥ കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കര അനുസരിച്ച് 24-07-2023 ലെ 1/1-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം തയ്യ തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസിപ്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023 വ ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഇ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്ത ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കു പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യ മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മു ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാ ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാ വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വി ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാന നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടേയും വിശദീ അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഭാഗമാ വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടേയും അടിസ്ഥാനത്ത് റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞ സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾ കുമാരപുരം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷ പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ച ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) റൂൾസ് 2011, പ്രകാരം വാർഷിക ധനം ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ വാർഷിക ധനകാര്യ പത്രികയിൽ ഉൾ

എ)റൂൾ 62(2)(ഇ) പ്രകാരം, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ

ബി)റൂൾ 62(2)(എഫ്) പ്രകാരം, അടിസ്ഥാന അനുപാതങ്ങൾ-അക്ക നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

സി)റൂൾ 62(3) പ്രകാരം, ഈ ചട്ടങ്ങൾ ബാധകമാക്കുന്ന ആദ്യ വർഷത്തേത വർഷങ്ങളിലും മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നി

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രിക നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന ത പൊരുത്തപ്പെടുന്നില്ല.

## 1-1-3 ഡിപ്പോസിറ്റ് രജിസ്റ്ററിലെ ചില തുകകൾ വാർഷികകണക്കുമ പൊരുത്തപ്പെടുന്നില്ല

Bidders EMD ഇനത്തിൽ വാർഷിക കണക്ക് പ്രകാരം ചെലവില്ല. എന്നാ രജിസ്റ്ററിൽ 9,000/-രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-1-4 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തി കൃത്യത പരിശോധിയ്ക്കാനായില്ല

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തിയ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ട തുകകളുടെ കൃ പരിശോധിക്കാനായില്ല.

## 1-1-5 വസ്തു നികുതി സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകൾ വാർ കണക്കിലുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി സഞ്ചയ പ്രകാരമുള്ള ഡി സി ബി - യും വാർഷിക കണക്ക് പ്ര ബി - യും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്ന

വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. 31.03.2023-ൽ മാത്രമാണ് രേഖപ്പെടുത്തലുകളുള്ളത്.

## 1-1-7 എം.ജി.എൻ.ആർ.ഇ.ജി.എസ്. - എം ഐ സ്റ്റേറ്റ്മെന്റിലെ ചെല വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

എം.ജി.എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാര 7,17,23,000/-രൂപയാണ്. എന്നാൽ വാർഷിക കണക്ക് ഇൻകം & എക്സ്പെന് ഷെഡ്യൂൾ I - 6 പ്രകാരമുള്ള ആകെ റെവന്യൂ ചെലവും (6,66,82,346/

കോൺട്രിബ്യൂഷൻ ലെഡ്ജർ പ്രകാരമുള്ള തുകയും (6,71,684/-രൂപ) ചേർന്ന
രൂപയെന്ന് കാണുന്നു.

## 1-1-8 നീക്കിയിരിപ്പ് തുക റീ - കൺസീലിയേഷന് ശേഷവും പൊരു

യൂണിയൻ ബാങ്ക് അക്കൌണ്ട് (Account No. 556002010009252) -വാർഷിക കണ
പ്രകാരമുള്ള നീക്കിയിരിപ്പ് തുക 94,198/- രൂപയാണ്. പാസ് ബുക്ക് പ്രകാരം 9,19
– 85,000/-രൂപ. റീ – കൺസീലിയേഷന് ശേഷവും നിലനിൽക്കുന്നു.

## 1-1-9 സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic), സെൻട്രൽ ഫ് കമ്മീഷൻ ഗ്രാന്റ് (Tied) - എന്നീ ഇനങ്ങളിൽ ACR പ്രകാരമുള്ള ചെല വാർഷിക കണക്ക്, സുലേഖ ചെലവ് പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic), സെൻട്രൽ ഫിനാൻസ് കമ്മീ
എന്നീ ഇനങ്ങളിൽ ACR പ്രകാരമുള്ള ചെലവ് തുക 1,07,54,351/- രൂപയും വ
സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള ചെലവ് തുക 1,07,26,342/- രൂപയു

## 1-1-10 സ്ഥാപന തൊഴിൽ നികുതി വരവ് വാർഷിക കണക്ക്, രജിസ്റ്റ തമ്മിൽ പൊരുത്തപ്പെടുന്നില്ല

സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ വാർഷിക കണക്ക്, രജിസ്റ്റർ എന്നിവ
തുകകൾ പൊരുത്തപെടുന്നില്ല . സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ
പ്രകാരമുള്ള വരവ് – 87,340/- രജിസ്റ്റർ പ്രകാരമുള്ള വരവ്- 46,250/-.വ്യത്യാസം -41,

## 1-1-11 ചെക്കിന്റെ കാലാവധിക്കുള്ളിൽ പണമാക്കാത്ത ചെക്കുക ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

ചെക്കിന്റെ കാലാവധിക്കുള്ളിൽ (നല്കി 3 മാസത്തിനുള്ളിൽ) പണമാക്കാത്ത
Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

| ക്രമ നം. | ചെക്ക് നം. തീയതി | തുക |
|---|---|---|
| കേരള ബാങ്ക് (അക്കൌണ്ട് നം. 124612803000016) | | |
| 1 | 087030/11.05.2022 | 240 |
| 2 | 087086/15.06.2022 | 200 |
| 3 | 087052/ 30..2022 | 61,630 |
| 4 | 087082/14.06.2022 | 2,745 |
| 5 | 090796/13.10.2022 | 300 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെ
കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് ന
ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ
അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ്
എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരം
സ്വീകരിച്ചിട്ടില്ല.

## 1-1-12 നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയി ഒടുക്കിയ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ ചെലവ്
തൻവർഷം ഒടുക്കിയ തുക –31,50,000/-. എന്നാൽ വാർഷിക കണക്ക് പ്രകാരം 31

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 26.03.2022 തീയതിയിലെ 1-നമ്പർ തീരുമാനപ്രകാ
ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 29,81,79,968 | 29,68,33,045 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ) | 15,80,65,824 | 15,64,19,187 |

പുതുക്കിയ ബജറ്റിന്റെ വിവരം

2022-23 വർഷത്തെ പുതുക്കിയ ബജറ്റ് 26.03.2023 തീയതിയിലെ -2- നമ്പർ
അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 26,46,43,996 | 26,34,49,645 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,08,93,113 |
| വരവ് | 3,47,65,391 |
| ആകെ | 4,56,58,504 |
| ചെലവ് | 3,77,81,981 |
| നീക്കിയിരിപ്പ് | 78,76,523 |

## 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | ന ബ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 55,12,829 | 87,52,171 | 1,42,65,000 | 1,38,53,617 | 4 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 5,06,492 | 14,63,508 | 19,70,000 | 18,36,916 | 1 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 83,698 | 1,15,302 | 1,99,000 | 1,90,783 | 8 |

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | [illegible] |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 0 | 55,80,000 | 55,80,000 | 44,51,842 | 1 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 0 | 54,87,000 | 54,87,000 | 54,87,000 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് -ട്രഷറി | 0 | 0 | 14,52,582 | 14,52,582 | 14,49,160 | 3 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് -ബാങ്ക് | 9,60,713 | 0 | 46,74,000 | 56,34,713 | 56,34,713 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് -ട്രഷറി | 0 | 0 | 2,51,730 | 2,51,730 | 2,14,604 | 3 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് -ബാങ്ക് | 1,83,843 | 0 | 32,45,324 | 34,29,167 | 34,27,865 | 1 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ
ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 131 | 16,23,62,338 | 95 | 11,59,98,089 | 30 | 6 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8,980 | 17,69,601 | 17,78,581 | 8,48,215 | 9,30,36 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 6,65,05,815 | 6,65,05,815 | 6,65,05,815 | |
| ആകെ | 8,980 | 6,82,75,416 | 6,84,396 | 6,73,54,030 | 9,30,36 |

എം.ജി.എൻ.ആർ.ഇ.ജി.എസ്. ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെ
ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവ
കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 67,43,600 | 12 |
| വിധവാ പെൻഷൻ | 90,75,000 | 45 |
| വാർദ്ധക്യകാല പെൻഷൻ | 1,59,02,000 | 118 |
| വികലാംഗ പെൻഷൻ | 31,04,000 | 6 |
| അവിവാഹിത പെൻഷൻ | 8,13,000 | 40 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90,000 | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള
പരിശോധന 12.10.2023 തീയതിയിൽ 12:30 P.M സമയത്ത് സെക്രട്ടറിയുടെ
നടത്തുകയുണ്ടായി. പരിശോധനയിൽ 2,145/- രൂപ ക്യാഷ് ബാലൻസ്
ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമ
പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയ
ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാന
നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്ര
സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങ
രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ ക
വിവരം ലഭ്യമാകുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.

3. തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക
പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. ഗ്രാമപഞ്ചായത്തിൽ
തയ്യാറാക്കിയിട്ടുണ്ടെങ്കിലും അപൂർണ്ണമാണ്. പദ്ധതി മാർഗ്ഗരേഖയിൽ സ്റ്റാറ്റ
പ്രസക്തി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ
സമീപനം പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

4. റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ
കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധന
കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഉ
ക്ഷണിക്കുന്നു.

## 1-10 ഓഡിറ്റ് ഇംപാക്ട്-തൊഴിൽ നികുതിയിനത്തിൽ 15,200/-രൂപ ഈ

പഞ്ചായത്തിന്റെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതു പ്രക
ഇന്റീരിയേഴ്സ്(15/174A) എന്ന സ്ഥാപനം പ്രവർത്തിക്കുന്നതായും ഈസ
ജീവനക്കാർ തൊഴിലെടുക്കുന്നതായുള്ള രേഖപ്പടുത്തലും കണ്ടതിന്റെ അടി
സ്ഥാപനത്തിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ട
എൻക്വയറി (11/17.102023)യിലൂടെ സൂചിപ്പിച്ചതിനെ തുടർന്ന് രസീത് നം.
പ്രകാരം 2022-23 സാമ്പത്തിക വർഷത്തെ രണ്ട് അർദ്ധവർഷങ്ങളി
നികുതിയിനത്തിൽ 15,200/-രൂപ ഈടാക്കി.

## 1-11 ഓഡിറ്റ് ഇംപാക്ട്-മോട്ടർ റണ്ണിഗ് ഫീസ്, ലൈസൻസ് ഫീസ് ഇന രൂപ ഈടാക്കി

1996-ലെ കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ (
ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം
പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് പുതുക്കുമ്പോൾ പട്ടികIII പ്ര
ഈടാക്കേണ്ടതാണെങ്കിലും താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ
അവയോടൊപ്പം ഹാജരാക്കിയിരിക്കുന്ന മറ്റ് വകുപ്പുകളുടെ ക്ലിയറൻസ്
രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിക്കാനുപാതികമായി
ഫീസീടാക്കാതിരുന്നതിനും,സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്ക

അന്വേഷണം ( 03/17.10.2023)നല്കിയതിനെ തുടർന്ന് തുക ഈടാക്കി. വ
കൊടുക്കുന്നു.

| ക്രമ നം. | പേര്/വിലാസം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ടതുക | ഈട തുക രസ /തീ |
|---|---|---|---|---|
| 1 | മുഹമ്മദ് ഫർസാദ്, കല്യാനകുളത്ത് ഓട്ടോബാൻ ട്രക്കിംഗ് സർവ്വീസ് | 95Hp | 500/- | 500/ -1230 /19/1 |
| 2 | ഷാജി ജോസഫ് 9/323 അഥീന എക്സ്പോർട്ട് | 80Hp | 500/- | 500/- 12306 19/10 |
| 3 | എസ്.ഗോപാലകൃഷ്ണൻ, ചീരയ്ക്കാട്ട് മഠം7/518, കീർത്തി പി.വി.സി | 98Hp | 500/- | 500/- 12306 19/10 |

പ്രമോദ്കുമാർ ആർ. എന്ന വ്യക്തി പൾസ് ഹോസ്പിറ്റലിനായി ലൈസൻസ് എ
ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് 21.10.2023-ലെ രസീത് നം.1230600070
ഈടാക്കി അറിയിച്ചിട്ടുണ്ട്.

## <u>1-12 ഓഡിറ്റ് ഇംപാക്റ്റ് - ശാരീരിക - മാനസിക വെല്ലുവിളി നേരിടു കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - അധികം നല്കിയ 3,000/- രൂപ തിരി</u>

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ശാരീരിക - മാന
നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (പ്രോജക്ട് നം. – S0014/23) എന്ന
ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് തുക നല്കിയപ്പോൾ ശ്രീ.അഭിജി
കിഴക്കതിൽ, താമല്ലാക്കൽ എന്ന ഗുണഭോക്താവിന്റെ അക്കൌണ്ടിലേ
നം.38092592463- എസ്.ബി.ഐ., ഡാണാപ്പടി) 3,000/- രൂപ അധികം (
ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണം (നം. 23 / തീയതി - 20.10.2023) നല്കിയതി
രൂപ ട്രഷറിയിൽ ഒടുക്കി ചലാന്റെ (ചലാൻ നം.-GRN-KL022169924202324 M (
പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കി.

## <u>1-13 ഓഡിറ്റ് ഇംപാക്ട്-ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധിക തിരികെ ഈടാക്കി</u>

ഓഡിറ്റ് ഇംപാക്ട്-ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികം നല്കിയ തുക ത

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ഓരുജല നിയന്ത്രണം സ്ലൂയിസുക
എന്ന പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കൃഷിയ്ക്കായുള്ള പാട

ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി നിലവിലുള്ള സ്ലൂയിസുകൾ ഫിക്സ് ചെയ്യുന്നതിനം എർത്ത് ഫില്ലിംഗും മാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നടപ്പാക്കിയത് എർത്ത് ഫില്ലിംഗ് മാത്രമാണ്. എർത്ത് ഫില്ലിംഗ് മാത്രം ആകെ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിക്ക് 18% ജി.എസ്.ടി (2,388 അനുവദനീയമായത് (12%) 1,592/-രൂപയാണ്. ഇത് സംബന്ധിച്ചു നല്കിയ ഓഡിറ്റ് (14/18.10.23) മറുപടിയായി അധികം നല്കിയ 796/- രൂ.തിരികെ ഈടാക്കിയതായ (രസീത് നം-1230600062/G040903 Dt.20.10.23)

## 1-14 നികുതി -നികുതിയേതര വരുമാനം അവലോകനം

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. എന്നാൽ പഞ്ച സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല.

ബജറ്റിലെ വരവുകളിൽ വസ്തുനികുതിയിൽ വലിയ അന്തരം നിലനിൽക്കു പ്രകാരമുള്ള പ്രതീക്ഷിത വരവ് 30,00,000/-രൂപയും ILGMS വസ്തു നികുതി വരവ് സഞ്ചയ വസ്തുനികുതി വരവ്- 28,32,912/-രൂപയുമാണ്. വസ്തു നികുതി പ കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം നടത്തിയതിന്റ സംഘടിപ്പിച്ചതിന്റെയും ഫലമായി 100% നികുതിയും ലഭിച്ചിട്ടുണ്ട്.

സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്ത പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും പരിശോധനകൾ 30.06.2023 - ന് മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിലിൽ വന്നിട്ടുണ്ട്. ഭരണസമിതിയുടെ 19.08.2023-ലെ 7-ാം നമ്പർ തീരുമാനപ്രകാരം അന്ത പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്ത ഈടാക്കി തുടങ്ങിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്ന സ്ഥാപനത്തിന്റെയും അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപ പാർപ്പിടാവശ്യങ്ങൾക്കായി ഉള്ള കെട്ടിടങ്ങളിൽ ഭൂരിഭാഗവും വിവിധ സർക പ്രകാരം നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവയാണ്. എന്നാൽ നി കൂട്ടിച്ചേർക്കലുകൾ വരുത്തി വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ സാധ്യതയുള്ള പരിശോധന പൂർത്തിയാക്കി കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പടുത്ത നിർണ്ണയിക്കുന്നതിലൂടെ വൻവരുമാനവർദ്ധനവ് നേടാനാവുന്നതാണ്.

പഞ്ചായത്തിരാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും ച പ്രകാരം എന്തെങ്കിലും സേവനങ്ങൾ നല്കിയിട്ടുള്ളപക്ഷം സേവന ഉപനിക പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളു സേവനങ്ങളൊന്നും പ്രത്യേകമായി നല്കിയിട്ടില്ലാത്തിടത്തുപോലും മൂന്നിലൊന്നുശതമാനവും സർവ്വീസ് ചാർജ് ഈടാക്കാമെന്നിരിക്കെ സർവ്വീസ ഉപനികുതിയും ഈടാക്കുന്നതിനായി ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ശു തീരുമാനമോ ഇല്ല. വരുമാന വർദ്ധനവിനായി ഇവ തീരുമാനമെടുക്കാവുന്നതാണ്.

**തൊഴിൽ നികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ 

പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, ന വാഹന ഉടമകൾ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാ ബെയ്സ് പഞ്ചായത സൂക്ഷിക്കുന്നില്ല. ഇത് തയ്യാറാക്കി നികുതി കൃത്യമായി ഈടാക്കുന്നത വർദ്ധനവ് നേടാവുന്നതാണ്.

<u>വിനോദ നികുതി</u>

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

<u>നികുതിയേതര വരവുകൾ</u>

വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാ ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാനവർദ്ധനവ് നേടാവുന്നതാണ്.

<u>ആസ്തികളിൽ നിന്നുള്ള ആദായം</u>

കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലംചെയ്യുന്നതുമാ ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്തിട്ടുണ്ട്.

## <u>1-15 വസ്തു നികുതി നിർണ്ണയത്തിൽ ആവശ്യമായ വർദ്ധനവ് നല്കി</u>

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ നികുതി നിർണ്ണയിച്ച കെട്ടി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)മോഹനൻ, മോഹനഭവനം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ ഫയലിലെ അന്വേഷണ റിപ്പോർട്ട്, കംപ്ലീഷൻ പ്ലാൻ പൂർത്തിയായ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 277.97 ച.മീറ്ററാണ്. കെട്ടിടനമ്പരുകളിലായി (6/245A-130.34 ; 6/245B-130.34)ആകെ 260.68 ച.മീറ്റ നിർണ്ണയിച്ചിട്ടുള്ളത്. 17.29 ച.മീ സ്റ്റെയർ റൂം ഏരിയ ആണ്. അ യോഗ്യമല്ലാത്തതിനാലാണ് കെട്ടിട നമ്പർ നൽകി നികുതി ഈടാക്കാത്തത് അന്വേഷണത്തിന് (20/19.10.2023)മറുപടി നല്കിയത് എന്നാൽ കേരള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം സ്റ്റെയർറൂമിന്റെ വിസ്തീർണ്ണം എതെങ്കില ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കേണ്ടതാണ്. 17.29 ച.മീറ്റർ നികുതി ഉൾപ്പെടുത്താതിരുന്നതുമൂലം താഴെകൊടുത്തിരിക്കുന്ന പ്രകാരം വസ്തുനി ഉണ്ടായി. 17.92*80=1433.6+286.72 = 1720.3(വഴി സൌകര്യം വർദ്ധനവ് 20%) ആ രൂപ. കൂടാതെ പ്രസ്തുത കെട്ടിടം 250 ച.മീറ്ററിൽ കൂടുതൽ ഉണ്ടെങ്കിലും രണ്ട് നല്കിയതിനാൽ ഉയർന്ന തരം തറനിർമ്മിതിക്ക് നൽകേണ്ട 15% വർദ്ധനവിൽ ഇളവ് ലഭിക്കുന്നു.

2) ടെൻസിമോൻ മംഗലശ്ശേരിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള (5/321A,B,C,D) പ്ലാനിൽ 5 മീറ്ററിൽ കൂടുതൽ വഴി സൌകര്യം രേഖപ്പെടുത്തി പ്രകാരം B,C,D എന്നിവയുടെ നികുതി നിർണ്ണയത്തിൽ 20% വർദ്ധനവ് ന 321A(57.54m$^2$)യുടെ നികുതി നിർണ്ണയത്തിൽ 20% വർദ്ധനവ് നല്കിയിട്ടില്ല പരിഹരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. കൂടാതെ ഈ കെട്ടിടങ്ങ -മണികണ്ഠൻ ചിറ റോഡ് സൈഡിൽ സ്ഥിചെയ്യുന്നു. ഈ കെട്ടിടം ഏതുമേഖല എന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻകയറി (17/19.10.20 മറുപടി നൽകിയിട്ടില്ല. പഞ്ചായത്തിന്റെ മേഖല വിജ്ഞാപന പ്രക തൃതീയമേഖലയിൽ ഉൾപ്പെടുന്നില്ല. എന്നാൽ ഈ കെട്ടിടങ്ങളുടെ നികുത തൃതീയമേഖല എന്നു രേഖപ്പെടുത്തി 20% നികുതി ഇളവ് നല്കിയിരിക്കുന്നു. കെട്ടിടങ്ങൾ ഉൾപ്പെടുന്ന മേഖല പരിശോധിച്ച് അനധികൃതമായി നല്കിയ

ഒഴിവാക്കിയും വഴിസൌകര്യത്തിനുള്ള 20% വർദ്ധനവും നൽകി നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

3)സുരേഷ്കുമാർ, ഉതുംതറയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ (1/341A-146m$^2$)പ്ലാനിൽ 5 മീറ്ററിൽ കൂടുതൽ റ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി നിർണ്ണയത്തിൽ 20% വർദ്ധനവ് ന എൻക്വയറി(20/19.10.2023) നല്കിയതിന് മറുപടിയായി കെട്ടിട നികുതി അപാകത ബോദ്ധ്യപ്പെട്ടെന്നും ആയത് ടാക്സ് റിവിഷൻ നടത്തി കു ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതു പ്രകാരം നികുതി പുനർനിർ അറിയിക്കേണ്ടതാണ്.

4)മുജീബ് റഹ്മാൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 6/63B എന്ന പാർപ്പിടാ ആകെ 291.36 ചതുരശ്രമീറ്റർ വിസ്തീർണ്ണമുണ്ടെങ്കിലും സാധാരണ തറ സഞ്ചയയിൽ രേഖപ്പെടുത്തിയതിനാൽ 15% നികുതി ഇളവ് ലഭിച്ചിട്ടു പാർപ്പിടാവശ്യ കെട്ടിടം സാധാരണ തറനിർമ്മിതി(സിമന്റ്,തറയോട്...) പരിശോധിച്ച് നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 ഉപയോഗക്രമം ശരിയായി രേഖപ്പെടുത്തി നികുതി നിർണ്ണയി

ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ മംഗല സ്ഥാപനത്തിന് 7/327 നമ്പർ കെട്ടിടത്തിൽ റിസോർട്ട് ആവശ്യത്തിന നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാബെയ്സ് പ്രകാര കെട്ടിങ്ങൾ നിലവിലില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(16/18.102023 പഞ്ചായത്തിലെ മംഗല്യ റിസോർട്ടിന് നൽകിയിട്ടുള്ള ലൈസൻസിൽ തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും മംഗല്യ റിസോർട്ടിന്റെ 6 ആണെന്നും ഇത് ഓഡിറ്റോറിയങ്ങൾ, ലോഡ്ജുകൾ എന്നിവയുടെ ഗണത്തില നികുതി നിർണ്ണയിച്ചിട്ടുള്ളതെന്നും ടാക്സ് റിവിഷൻ വഴി റിസോർട്ട് ഉ നികുതി നിർണയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഗ്രാമപഞ്ചായത്തിര 524 ചതുരശ്രമീറ്ററുള്ള പ്രസ്തുത കെട്ടിടത്തിന് 35/-രൂപ നിരക്കിലാണ് നി ഈടാക്കിക്കൊണ്ടിരിക്കുന്നത്. 2013-ലെ ടാക്സ് റിവിഷൻ പ്രകാരം ചതുര പ്രകാരമായിരുന്നു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. ഇതുമൂലം പഞ്ചാ ഇനത്തിൽ (524x35=18340)-(524x80=41920) =23,580/-രൂപയുടെ നഷ്ടം ഉണ്ടായ ക്രമമനുസരിച്ച് നികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-17 മരണം റിപ്പോർട്ട് ചെയ്തതിന് ശേഷവും പെൻഷൻ അനുവദിക

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താ 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണ ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്ന് കാണുന്നു. ഗുണഭോക്താക്ക തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്ക സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ തുക കൈപ്പറ്റുന്ന ആളുകൾ പഞ്ചായത്ത് പരിധിയിൽ വെച്ച് മരണപ്പെടുമ്പോൾ ടി വിവരം പെൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയാതിരിക്കുന്നതിനെ തുടർന്ന് നില സസ്പെൻഡ് ചെയ്യാതെ തുക അക്കൌണ്ടിലേയ്ക്ക് കൈമാറുന്നു.

ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു .
ദേശസാൽകൃതബാങ്കുകളിലേക്ക് മരണശേഷവും പെൻഷൻ തുക നല്കിയിട്ടു

| ക്രമ നം. | പേര് / വിലാസം | മരിച്ച തീയതി/ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക |
|---|---|---|---|---|
| 1 | സരസ്വതി<br>സരസ്വതി നിലയം, പ്രയാർ വടക്ക്, പ്രയാർ പി.ഒ., 690547 | 30.01.2022/ 26.02.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104980200793 | 02/2022- 11/2022= (1600/- നിരക്കിൽ) 16000/- (ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിൽ നിന്നും തുക കൈപ്പറ്റി) |
| 2 | യേശുദാസ്എൽഡിക്രൂസ്<br>സിംപ്സൺ വില്ല, പിലാപ്പുഴ തെക്ക്, ഹരിപ്പാട് പി.ഒ., 690514 | 17.07.2022/ 21.07.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104780200330 | 08/2022 - 09/2022 = (1600/- നിരക്കിൽ) 3200/- (ഹരിപ്പാട് മുനിസിപ്പാലിറ്റ നിന്നും തുക കൈപ്പറ്റി) |
| 3 | ലീല വാസു<br>തുടിയൻപ്ലാക്കൽ, നിർമ്മലാസിറ്റി, മുളകരമേട് പി.ഒ., 685515 | 10.07.2022/ 23.07.2022 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം 106050600031 | 08/2022 - 09/2022 = (1600/- നിരക്കിൽ) 3200/- (കട്ടപ്പന മുനിസിപ്പാലിറ്റ നിന്നും തുക കൈപ്പറ്റി) |
| 4 | ലീലമ്മ പിള്ള<br>രാമലീല, പിലാപ്പുഴ, ഹരിപ്പാട്, ഹരിപ്പാട് | 14.06.22/ 27.08.22 | ഇന്ദിരാ ഗാന്ധി ദേശീയ | 07/2022 - 06/2023 = |

| | പി.ഒ., 690514 | | വാർദ്ധക്യകാല പെൻഷൻ<br>104780200294 | (1600/- നിരക്കിൽ)<br>19200/-<br>(ഹരിപ്പാട് മുനിസിപ്പാലിറ്റ<br>നിന്നും തുക കൈപ്പറ്റി) |
|---|---|---|---|---|

മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുക കൈപ്പറ്റുന്ന മേൽ വ്യക
രജിസ്ട്രേഷൻ സംബന്ധിച്ച വിവരം ബന്ധപ്പെട്ട സ്ഥാപന അധികാരികളെ അ
സസ്പെൻഡ് ചെയ്യുന്നതിനും അനർഹമായ കാലയളവിലേയ്ക്ക് നല്കി
നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തിരികെ ഈടാക്കിയും ആയത
ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് അതാത് സ്ഥാപനമേധാവിയ്ക്ക് (ര
നൽകേണ്ടതാണ്.

## 1-18 അധിക നിരക്കിൽ റ്റി എ നല്കി

വൌച്ചർ പരിശോധിച്ചതിൽ, ജി.ഒ.(പി) നം.27/2021/ ഫിൻ., തീയതി- 10.2.21
പുതുക്കിയ നിരക്കിൽ റ്റി എ ഇനത്തിൽ തുക അനുവദിയ്ക്കുന്നതിന്റെ പ്ര
1.03.2021 ആണ്. ഗ്രാമ പഞ്ചായത്തിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തി
ശ്രീ. സന്നു എസ് എന്നയാൾക്ക് 07/2020 മുതലുൽക്ക് 02/2021 വരെയുള്ള കാല
നല്കിയപ്പോൾ പുതുക്കിയ നിരക്കിൽ (350/-) താഴെപ്പറയും പ്രകാരം അധ
കാണുന്നു.

| തീയതി | അനുവദിയ്ക്കാവുന്ന തുക | അനുവദിച്ച തുക | അധികം |
|---|---|---|---|
| 13.07.2020 | 250 | 350 | 100 |
| 14.07.2020 | 250 | 350 | 100 |
| 11.11.2020 | 250 | 350 | 100 |
| 17.11.2020 | 250 | 350 | 100 |
| 30.11.2020 | 250 | 350 | 100 |
| 01.12.2020 | 250 | 350 | 100 |
| 17.12.2020 | 250 | 350 | 100 |
| 26.12.2020 | 250 | 350 | 100 |
| 31.12.2020 | 250 | 350 | 100 |
| 11.01.2021 | 250 | 350 | 100 |
| 13.01.2021 | 250 | 350 | 100 |
| 27.01.2021 | 250 | 350 | 100 |
| 29.01.2021 | 250 | 350 | 100 |
| 26.02.2021 | 250 | 350 | 100 |
| ആകെ | | | 1400 |

കൂടാതെ, G.O. (P) No.137/201 6/Fin, 09/09/2016 പ്രകാരം ഡ്രൈവർ തസ്തികയി
ബാധകമായ പ്രതി മാസ പരിധി 4,140/-രൂപയാണ്. എന്നാൽ, ടിയാൾക്ക് 04/2
കാലയളവിലെ തുക നല്കിയപ്പോൾ 410/-രൂപ അധികം നല്കി. വിശദീകരണ
ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22 / 20.10.2023) മറുപട
അധികം നല്കിയ 1,810/-രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിയ്ക്കേണ്ടതാ

## 1-19 പത്രപ്പരസ്യം -നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുളളവ

പ്രോജക്ട് നം.91/23

പദ്ധതി രൂപീകരണ മോണിട്ടറിംഗ് ചെലവുകൾ

അടങ്കൽ-2,76,854 (വികസന ഫണ്ട്)

ചെലവ് - 1,88,383/-

നിർവ്വഹണം - സെക്രട്ടറി

സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി 01.01.04 ഉത്തരവിലൂടെ വിൻഡോ നൽകുന്ന പരസ്യങ്ങൾ (8cmx3cm)=24cm$^2$ വലിപ്പത്തിൽ ആയിരിക്കണം എ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്ത് ദേശാഭിമാനി ദിനപത്രത്തിൽ നൽകിയ "വിൻഡോ" രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതല ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./ തീയതി | പരസ്യത്തിന്റെ വലിപ്പം (സെ.മീ സ്ക്വയറിൽ) | ഡിസ്കൗണ്ട് കഴിഞ്ഞ് അനുവദിച്ച തുക @180/220/Cm$^2$ +Gst | 3x8cm$^2$ വലിപ്പത്തിൽ വിൻഡോ പരസ്യത്തിന് ഡിസ്കൗണ്ട് കഴിഞ്ഞ് അനുവദിക്കാവുന്ന തുക @180/220/Cm$^2$ +Gst | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ALP21-22/ 20.03.22 | 7x8=56cm$^2$ | @180 (10080-1512)8568 | (4320-648) 3672 | 4896 |
| 2 | ALP/22-23/1063/29.09.22 | 8x4=32cm$^2$ | @220 (7040-1056)5984 | (5280-792) 4488 | 1496 |
| 3 | ALP/22-23/1201/26.10.22 | 8x4=32cm$^2$ | 5984 | 4488 | 1496 |
| 4 | ALP/22-23/1408/20.11.22 | 8x4=32cm$^2$ | 5984 | 4488 | 1496 |
| 5 | ALP/22-23/1747/30.12.22 | 8x4=32cm$^2$ | 5984 | 4488 | 1496 |
| 6 | ALP/22-23/2460/18.03.23 | 8x4=32cm$^2$ | 5984 | 4488 | 1496 |
| | ആകെ | | 38488 | 26112 | 12376 |

ന്യൂനതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക ലഭിച്ചില്ല(08/17.10.23). സർക്കാർ മാർഗ്ഗ നിർദ്ദേശത്തിനനുസൃതമായി പത്രപ്പരസ്യ നിജപ്പെടുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 പാലിയേറ്റീവ് കെയർ നഴ്സിന് ഇൻസെന്റീവ്- സർക്കാർ ഉത്തര

പ്രോജക്ട് നം. S0018/23

പാലിയേറ്റീവ് പരിചരണം

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് | 6,80,000 | 4,25,480 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,70,000 | 1,70,000 |
| ആകെ | 8,50,000 | 5,95,480 |

കോവിഡ് ഇൻസെന്റീവ് – പാലിയേറ്റീവ് കെയർ നഴ്സിന് 2021 മാർച്ച് മാസം മാസം വരെയുള്ള 13 മാസത്തെ ഇൻസെന്റീവ് ഇനത്തിൽ 13,000/-രൂ നം.900124526/20.05.22)മേൽ പ്രോജക്ട് പ്രകാരം അനുവദിച്ച് നല്കിയി സ.ഉ(സാധാ)നം.1820/2020/ത.സ്വ.ഭ.വ തീ.05.10.2020, സ.ഉ(സാധാ)നം.634/2022/L ഉത്തരവുകൾ പ്രകാരം ഇതിനാവശ്യമായ തുക തനത് ഫണ്ടിൽ നിന്നും ചെലവ വ്യവസ്ഥ ചെയ്തിരിക്കുന്നത്. തനത്ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പക ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചിരിക്കുന്നത്. തനത് ഫണ്ട് ഇ വികസനഫണ്ടിൽ നിന്നും ഇൻസെന്റീവ് നൽകിയതെന്നും ഇപ്രകാരം ചെ അറിയില്ലായിരുന്നു എന്നും ഈ വിഷയത്തിൽ നല്കിയ ഓഡിറ്റന്വേഷ ലഭ്യമാക്കി. വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ അനുമതി ചെലവ് തുക 13,000/-രൂപ തനത് ഫണ്ടിൽ നിന്നും വികസന ഫണ്ടി ഒടുക്കേണ്ടതാണ്. അതുവരെ 13,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടു

## 1-21 കെ.എം.എസ്.സി.എൽ. ന് തുക മുൻകൂർ നൽകിയിട്ടും മരുന്ന് ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നടപ്പാക്കിയ പ്രോജക്ടിൽ മരുന്ന് കെ.എം.എസ്.സി.എൽ. ന് മുൻകൂർ നൽകിയ തുകയ്ക്ക് പൂർണ്ണമായി മരുന വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | ബിൽ നം./ തീയതി | നൽകിയ തുക | ലഭിച്ച മരുന്നിന്റെ വില | ലഭിക്കുവാ മരുന്നിന്റ വില |
|---|---|---|---|---|
| S0019/23 എൻ സി ഡി, ക്യാൻസർ തുടങ്ങിയ മാരക രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ | BRN900627347 /03.10.2022 | 9,47,408 | 8,34,728 | 1,12,680 |
| | BRN8901113949 /31.01.2023 | 3,02,592 | 65,825 | 2,36,767 |
| | ആകെ | 12,50,000 | 9,00,553 | 3,49,447 |

മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടിയുടെ വിവരങ്ങൾ അറിയ
നൽകിയ എൻക്വയറിക്ക് (10/17.10.23) കൊല്ലം, കാരുണ്യ മെഡിസിൻ ഡ
ലഭ്യമാകുന്നമുറയ്ക്ക് നൽകാം എന്ന് അറിയിച്ചിട്ടുണ്ടെന്ന് മറുപടി
അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 എം.സി.എഫ് -ൽ അഗ്നി സുരക്ഷ സംവിധാനം സ്ഥാപിയ്ക്കൽ പൂർത്തീകരിച്ചില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ., തമല്ലാക്കൽ
അടങ്കൽ തുക - 4,00,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്)
ചെലവ് തുക -3,30,000 (XVFC/2022-23/P-74, തീയതി -31.03.2023)

എം.സി.എഫ് -ൽ അഗ്നി സുരക്ഷ സംവിധാനം സ്ഥാപിയ്ക്കൽ (പ്രോജക്റ്
പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ, ഗ്രാമ പഞ്ചായത്തിലെ എം സി എഫിൽ
സംവിധാനം സ്ഥാപിക്കുന്നതിന് സ്റ്റേഷൻ ഓഫീസർ, അഗ്നി രക്ഷാ നിലയം,
08.12.2022-ലെ സി .390/22 നം. കത്തിൽ, മിനി എം സി എഫ് യൂണിറ്റിന്റെ വ
ശേഷിയും കണക്കിലെടുത്ത് അഗ്നിസുരക്ഷാ സംവിധാനത്തിന്റെ തര
ഏജൻസിയിൽ നിന്നുമുള്ള 231,781/- രൂപയുടെ എസ്റ്റിമേറ്റും വി.ഇ.ഒ. താമല്ലാക്ക
ക്വട്ടേഷൻ നടപടികളിലൂടെ, അഗ്നി സിസ്റ്റംസ്, ചെങ്ങന്നൂർ എന്ന സ്ഥാ
കുമാരപുരം ഗ്രാമ പഞ്ചായത്തും ചേർന്ന് തയ്യാറാക്കിയ ഉടമ്പടിയിൽ, അഗ്നി
സ്ഥാപിക്കുന്നതിനോടൊപ്പം 5000 ലിറ്ററിന്റെ വാട്ടർ ടാങ്കും സ്ഥാപിക്കുന്നതിന
നല്കാമെന്ന കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനമായ വ
പ്രകാരം നൽകേണ്ട തുക -1,58,750/- രൂപയാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള
രൂപയും വാട്ടർ ടാങ്കിന്റെ വിലയായ 1,58,750/- രൂപയും ചേർത്ത് ആകെ 3,90,
പ്രോജക്റ്റ് പ്രകാരം ആകെ ചെലവഴിയ്ക്കാവുന്ന തുക എന്നിരിക്കെ 4,00,000/-രൂ
ഏർപ്പെട്ടതിനും ടി പ്രോജക്റ്റ് പൂർത്തീകരണം, പ്രവർത്തനം എന്നിവ സംബ
ലഭ്യമാക്കുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷ
20.10.2023) ലഭ്യമാക്കിയ മറുപടിയിൽ, ടെണ്ടർ, റീ – ടെണ്ടർ നടപടിക
നടപ്പിലാക്കുവാൻ നടപടികൾ ആരംഭിച്ചെങ്കിലും അതിൽ ആരും പങ്കെടുക
ക്വട്ടേഷൻ നടത്തിയപ്പോൾ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത (4,00,000/- രൂപ
കരാർ ചമച്ചത് എന്നും ടി പ്രവൃത്തി 2023 നവമ്പർ 30-ന് മുമ്പായി പൂത്തീകര
രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, എം സി എഫിൽ അഗ്നിസുരക
സ്ഥാപിക്കുന്നതിന് സ്റ്റേഷൻ ഓഫീസർ, അഗ്നി രക്ഷാ നിലയം, ഹരിപ്പാട് -
സി.390/22 നം. കത്തിൽ, പരാമർശിച്ചിരിക്കുന്ന എസ്റ്റിമേറ്റ് തുകയും വാട്ടർ ട
ചേർത്തുള്ള 3,90,531/- രൂപയിൽ അധികരികരിച്ച് കരാർ ചമച്ച നടപടി ശരി
എസ്റ്റിമേറ്റ് തുകയും വാട്ടർ ടാങ്കിന്റെ വിലയും ചേർത്തുള്ള 3,90,531/-രൂപ
പ്രവൃത്തി പൂർത്തീകരിയ്ക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീക
ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 3,30,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെ

## 1-23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായില്ല

പ്രോജക്റ്റ് നം.S0020/23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
മെഡിക്കൽ ഓഫീസർ(ഹോമിയോ)
അടങ്കൽ -3,00,000/-(നോൺറോഡ്)
ചെലവ്-3,00,000/-ബിൽ നം.1/22-23 തീയതി 25.01.2023
പ്രോജക്റ്റിലുൾപ്പെടുത്തി ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന്
ഹോംകോയുടെ പ്രഫോർമ ഇൻവോയിസ് PF -1112/23.1.2023 പ്രകാരം തുക
നല്കിയതിന്റെ കൈപ്പറ്റ് രസീതും മരുന്നും ലഭ്യമാക്കുന്നതിന് 30.09.2023,

തീയതികളിൽ മെഡിക്കൽ ഓഫീസർ ഹോംകോ മാനേജിംഗ് ഡയറക്ടർ
നല്കിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. തുക നല്കിയതിന്റെ കൈ
എന്നിവ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓ
നം.2/16.10.2023 നൽകിയതിന് മറുപടിയായി 1,86,826/-രൂപയുടെ മരുന്ന് ഇ
1687/12.10.2023 പ്രകാരം ലഭിച്ചത് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി ഹ
തുകയ്ക്കുള്ള മരുന്ന് ലഭിക്കുന്നത് അറിയിക്കേണ്ടതാണ്.

## 1-24 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാക

പ്രോജക്റ്റ് S00113/22 സ്ക്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം
നിർവ്വഹണം -ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ്.

| അടങ്കൽ | ചെലവ് |
|---|---|
| വികസന ഫണ്ട്-4,50,000/- | വികസന ഫണ്ട്-4,31,827/- |
| തനത് ഫണ്ട്-2,00,000/ | തനത് ഫണ്ട്-1,93,291 |

പോത്തപ്പള്ളി ജി.എൽ.പി.എസ്. എച്ച്.എം നിർവ്വഹണം നടത്തിയ പ്രോ
സ്കൂളുകളിലേക്ക് പ്രഭാതഭക്ഷണത്തിനായി തൻവർഷം 6,25,118/- രൂപ ചെലവ
പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

1)പ്രഭാതഭക്ഷണം നല്കുന്നതിനായി ടെൻഡർ ക്ഷണിച്ചതിന്റെയും, ആരുടെ
അംഗീകരിച്ചത് എന്നതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല. ബില്ലു
വ്യക്തികളുടെ അക്കൌണ്ടിലേക്കാണ് തുകകൾ നല്കിയിരിക്കുന്നത്.ഇവ
അടിസ്ഥാനത്തിലാണ് തുക നല്കിയതെന്ന് വ്യക്തമല്ല.ഈ വ്യക്തികൾ
ബില്ലുകളും വൌച്ചറുകളും പ്രകാരമാണ് തുക മാറി നല്കിയത്. ഇതിൽ നിന
നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്നു വ്യക്തമാണ് പാചകക്കൂലി
കൈപ്പറ്റിയതായുള്ള വൌച്ചറുകളും ബില്ലുകളോടൊപ്പം ഹാജരാക്കിയിട്ടുണ
ഏത് സ്കൂളിലെ പാചകക്കാരാണ് എന്ന് തെളിയിക്കുന്ന അറ്റൻഡൻസ് രജി
ലഭ്യമാക്കിയിട്ടില്ല.

2)വലിയ തുകയുടെ ബില്ലുകൾക്കെല്ലാം പലവ്യഞ്ജനങ്ങൾ, ചപ്പാത്തി, പത
പ്രഭാതം എ.ഇ യൂണിറ്റ് (കുടുബശ്രീ), മഹാലക്ഷമി കാറ്ററിംഗ് യൂണിറ്റ് എന്നി
വ്യക്തികൾ സ്കൂളുകളുടെ പേരിൽ വാങ്ങി നല്കിയതായുള്ള സ്ഥാപനങ്ങ
വൌച്ചറുകളുമാണ് ഹാജരാക്കിയിരിക്കുന്നത്.

3)ഓരോ വ്യക്തികളുടെയും അക്കൌണ്ടിലേക്ക് നല്കിയിരിക്കുന്ന തുകക
ഹാജരാക്കിയ കടകളുടെയും,കാറ്ററിംഗ് യൂണിറ്റുകളുടെയും ബില്ലുകൾ എല്ലാ
ക്രമനമ്പരുകളിൽ എഴുതിച്ചേർത്തിട്ടുള്ളവയും വൌച്ചറുകൾ പലതും
സെക്രട്ടറിയുടെ കൈയ്യിൽ നിന്നും തുക കൈപ്പറ്റിയതായി എഴുതി നല്കി
